LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## വനാതിർത്തിപങ്കിടുന്ന പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച്

**317 (328)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഫോറസ്റ്റ് റവന്യൂ അധികൃതർ സംയുക്ത വെരിഫിക്കേഷൻ നടത്തി അതിർത്തി നിർണ്ണയിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വർഷങ്ങളായി കൈവശംവച്ച് നികുതി അടച്ചുകൊണ്ടിരുന്ന ഇത്തരം പ്രദേശങ്ങളിലെ ഭൂനികുതി , വെരിഫിക്കേഷന്റെ പേരിൽ തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ വനം-റവന്യൂ വകുപ്പുകൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) സംയുക്ത വെരിഫിക്കേഷൻ അടിയന്തരമായി പൂർത്തിയാക്കി ടി പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി&സി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിയശേഷം അർഹമായ കേസുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശം

**318 (3295)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011-ന് ശേഷം സംഭവിച്ച കൃഷിനാശം, മനുഷ്യജീവന് ഉണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കൃഷിനാശത്തിന്റേയും, അപകടങ്ങളുടെയും തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നെൻമാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ചില പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011-ന് ശേഷം വന്യജീവി ആക്രമണംമൂലം നെൻമാറ നിയോജകമണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചാൽ 8-1-2015-ലെ ജി.ഒ(എം.എസ്.) നമ്പർ 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അടിസ്ഥാനമാക്കി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

22-3-2013-ലെ ജി.ഒ(എം.എസ്) നം.32/13/വനം ഉത്തരവ് പ്രകാരം വ്യക്തികൾക്ക് പരിക്ക് സംഭവിച്ചാൽ പരമാവധി 75,000 രൂപ വരെ നൽകി വരുന്നുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടയുന്നവർക്ക് 17-11-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 96/14/വനം പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുകയായ 5 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നു.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി ഇവയുടെ ആക്രമണം കൂടുതലുള്ള പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സൗരോർജ്ജവേലി നിർമ്മിക്കുകയും അവയുടെ പരിപാലനത്തിനായും നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേക്ക് കയറ്റിവിടുന്നതിനും വാച്ചർമാരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വനജാഗ്രത സമിതിയുടെ നേതൃത്വത്തിൽ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നതിനായി ക്യാമ്പ് മുതലായവ സംഘടിപ്പിച്ച് വരുന്നുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലങ്കോട് റെയിഞ്ചിന്റെ പരിധിയിൽ ചെമ്മാണംപതിയിൽ 1.8 കിലോമീറ്റർ, 30 ഏക്കർ കോളനിയിൽ 1.6 കിലോമീറ്റർ, അല്ലിമൂപ്പൻ കോളനിയിൽ 3.2 കിലോമീറ്റർ, സീതാർകുണ്ട്-കള്ളിയാമ്പാറയിൽ 5.4 കിലോമീറ്റർ, കുളമ്പ്-പുളിയന്തോണിയിൽ 5 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.

നെല്ലിയാമ്പതി റെയിഞ്ചിൽ ഓവുപാറ-കരിമ്പാറയിൽ 4.4 കിലോമീറ്റർ, ഗോവിന്ദാമല ചെക്കിംഗ് സ്റ്റേഷന് ചുറ്റും 0.5 കിലോമീറ്റർ, ഓവുപാറ-നേർച്ചപ്പാറയിൽ 3.6 കിലോമീറ്റർ, തളിപ്പാടം-പോത്തുണ്ടി 3.3 കിലോമീറ്റർ, പോത്തുണ്ടി-പോക്കാമട 3.25 കിലോമീറ്റർ, തളിപ്പാടം-കൽച്ചാടി 3.7 കിലോമീറ്റർ എന്നിവിടങ്ങളിലും സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.

## 2014-ലെ ഫോറസ്റ്റ് സർവ്വീസ് റൂൾ

**319 (330)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ഫോറസ്റ്റ് സർവ്വീസ് റൂളിന്റെ ഭേദഗതിയിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ കൂട്ടിച്ചേർക്കാൻ വിട്ടുപോയത് പരിഹരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥിയുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമം 2014-ൽ ഭേദഗതി ചെയ്തപ്പോൾ പട്ടികജാതിക്കാർക്കും-പട്ടികവർഗ്ഗക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ ഉൾപ്പെടുത്തുവാൻ വിട്ടുപോയത് പരിഹരിക്കുന്നതിനായുള്ള നടപടിയുടെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടിക്കൊണ്ട് 1-9-2015-ൽ കത്ത് അയച്ചിട്ടുണ്ട്.